പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3424

23/06/2014 - ൽ മറുപടിക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഫിഷറീസ് വകുപ്പിൽ സേവനം ചെയ്ത അംഗപരിമിതർക്ക് പുനർനിയമനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) : |
| (എ) 1999 മുതൽ 2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട് ആറുമാസം ഫിഷറീസ് വകുപ്പിൽ സേവനം ചെയ്ത അംഗപരിമിതർക്ക് പുനർ നിയമനം നൽകിയിട്ടുണ്ടോ ; എങ്കിൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കുമോ ; | (എ) | 1999 മുതൽ 2003 വരെ കാലയളവിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ട് 6 മാസം ഫിഷറീസ് വകുപ്പിൽ സേവനം ചെയ്ത 11 അംഗപരിമിതർക്ക് പുനർ നിയമനം നൽകിയിട്ടുണ്ട്. |
| (ബി) കരുനാഗപ്പള്ളി താലൂക്കിൽ പാവുമ്പ വില്ലേജിൽ പാവുമ്പതെക്ക് കൊച്ചുവീട്ടിൽ വൈ. രാജു എന്ന അംഗപരിമിതന് പുനർ നിയമനം നൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ തീയതി വ്യക്തമാക്കുമോ ;<br>(സി) സർക്കാർ ഉത്തരവ് നൽകിയിട്ടും പ്രസ്തുത വ്യക്തിക്ക് ഇതുവരെ ഫിഷറീസ് വകുപ്പ് നിയമന ഉത്തരവ് നൽകാതിരുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ;<br>(ഡി) ഉത്തരവ് നടപ്പാക്കാതെ കാലതാമസം നടത്തിയ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ബി) യും (സി) യും (ഡി) യും | 18/05/2013 ലെ സ.ഉ.(പി)/40/13/സാ.നീ.വ നമ്പർ ഉത്തരവും, 07.08.2013 ലെ സ.ഉ.(പി)/ 63/13/സാ.നീ.വ നമ്പർ സർക്കാർ ഉത്തരവു പ്രകാരവും 16.08.1999 നും 30.12.2013 നുമിടയിൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നിയമനം ലഭിച്ച് 179 ദിവസം സേവനം പൂർത്തിയാക്കിയിട്ടുള്ള ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് പുനർ/റഗുലർ നിയമനം നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ വിടുതൽ ദിവസം പൊതു അവധി വന്നതിനാൽ 179 ദിവസം സേവനം പൂർത്തിയാക്കാൻ കഴിയാത്ത അനുബന്ധ ലിസ്റ്റിൽ ഉൾപ്പെട്ട 236 പേർക്ക് മൊത്തം സൂപ്പർ ന്യൂമററി തസ്തികകളുടെ എണ്ണം മുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം 2677 -ൽ കവിയില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി പുനർ നിയമനം നൽകുന്നതിന് 17/01/2014 ലെ സ.ഉ.(പി) നമ്പർ 3/14/സാ.നീ.വ സർക്കാർ |

ഉത്തരവ് പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ കൊല്ലം, കരുനാഗപ്പള്ളി, പാവുമ്പ തെക്ക്, പാവുമ്പ - പി.ഒ, കൊച്ചുവീട്ടിൽ വൈ. രാജു എന്നയാൾക്ക് നിയമനം നൽകേണ്ടത് വിദ്യാഭ്യാസ വകുപ്പിൽ എന്നാണ് 17/01/2014 ലെ സ.ഉ.(പി) നമ്പർ 3/14/സാ.നീ.വ സർക്കാർ ഉത്തരവിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സൂപ്പർ ന്യൂമററി തസ്തികകളുടെ എണ്ണം 2677 - ൽ കവിയുകയില്ല എന്ന നിബന്ധനയ്ക്ക് വിധേയമായി പുനർ നിയമനം നൽകണമെന്ന് ടി ഉത്തരവിൽ പരാമർശിച്ചിരിക്കുന്നതിനാലും, ടി രണ്ട് കാര്യങ്ങളിലും വ്യക്തത വരുത്തുന്നതിന് സാമൂഹ്യ നീതി വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ.